(ഇ) സ്പെഷ്യൽ റൂൾസ് നിലവിൽ വന്നതിനുശേഷം നിയമിക്കപ്പെട്ട വരുടെ കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗങ്ങൾക്കായുള്ള പദ്ധതികളുടെ ആനുകൂല്യം

15 (798)ശ്രീ. സത്യൻ മൊകേരി :
ശ്രീമതി ആർ. ലതാദേവി :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗക്ഷേമത്തിന് ആവിഷ്കരിക്കുന്ന വിവിധ പദ്ധതികളുടെ പ്രയോജനം ആ വിഭാഗങ്ങൾക്കുതന്നെ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ;

(ബി) എങ്കിൽ ആ സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിന് ആവിഷ്കരിക്കുന്ന പദ്ധതികളുടെ പ്രയോജനം അവർക്ക് തന്നെയാണ് ലഭിക്കുന്നതെന്ന് ഉറപ്പാക്കിയശേഷം മാത്രമാണ് ആനുകൂല്യങ്ങൾ അനുവദിക്കുന്നത്. പദ്ധതികളുടെ പുരോഗതി സംബന്ധിച്ച് സംസ്ഥാന തലത്തിൽ വകുപ്പു സെക്രട്ടറിയും, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പും പ്രത്യേക അവലോകന യോഗങ്ങൾ നടത്താറുണ്ട്. ഇതിനുപുറമെ വകുപ്പുമന്ത്രിയും ബഹു. മുഖ്യമന്ത്രിയും അവലോകനം ചെയ്യുന്നുണ്ട്. ജില്ലാ തലത്തിൽ പദ്ധതികളുടെ നടത്തിപ്പ് വിലയിരുത്തുന്നതിനുള്ള ചുമതല ജില്ലാ പ്ലാനിംഗ് കമ്മിറ്റിക്കാണ്. ഇതിന്റെ സബ് കമ്മിറ്റിയുമായി പട്ടികജാതി പട്ടികവർഗ്ഗ വികസനാർത്ഥമുള്ള ജില്ലാതല കമ്മിറ്റിയും പ്രവർത്തിച്ചുവരുന്നു. വകുപ്പുമന്ത്രി ചെയർമാനായുള്ള സംസ്ഥാന ഉപദേശക സമിതിക്ഷേമ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തി നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

പഞ്ചായത്ത് രാജ് സംവിധാനം നിലവിൽ വന്നതോടുകൂടി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഗ്രാമസഭകളാണ്. ഈ സംവിധാനങ്ങൾ പദ്ധതിയുടെ പ്രയോജനം ആ വിഭാഗങ്ങൾക്ക് തന്നെ ലഭ്യമാക്കുന്നു എന്ന് ഉറപ്പാക്കുന്നു.

ഐ.എച്ച്.ഡി.പി. കോളനികൾ

16 (799)ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക- പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ കാസർഗോഡ് ജില്ലയിൽപ്പെട്ട പഞ്ചായത്തുകളിൽ ഇപ്പോൾ എത്ര ഐ.എച്ച്.ഡി.പി കോളനികളാണ് നിവിലുള്ളതെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly